# —ബൈബിൾ—

## നിങ്ങളെ സ്വാധീനിക്കുമ്പോൾ

**ലോ**കത്തിൽ ബൈബിളിനുള്ള സ്വാധീനത വളരെ വലുതാണ്. ചരിത്രം, സംസ്കാരം., സാഹിത്യം, വിദ്യാഭ്യാസം, നിയമം എന്നിവയെ കൂടാതെ അദ്ധ്യാത്മികതയും ബൈബിളിനാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. ആത്മികത ബൈബിളിന്റെ ഏറ്റം പരമ പ്രധാനമായ ലക്ഷ്യവും , ആർക്കും ചോദ്യം ചെയ്യുവാൻ സാധിക്കാത്തവണ്ണം അതിന്നു ഉത്തരം നല്കിയിട്ടുള്ളതുമാണ്.

ബൈബിൾ അതിന്റെ വായനക്കാരനെ രൂപാന്തരപ്പെടുത്തും. കാരണം അതിലെ അക്ഷരങ്ങളിൽ ദൈവാത്മ ശക്തി ഉണ്ട്.

ശരിയായ നിലയിൽ ബൈബിൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിക്കും, ജീവിതത്തെ നേരിടുവാനുള ധൈര്യം, ജീവിതത്തെ നേർവഴിക്കു നടത്തുവാനുള്ള ജ്ഞാനം, ജീവിത സമാധാനം, സന്തോഷം ഇവ സ്വർഗ്ഗീയ നന്മകളായി ലഭ്യമാകുന്നു.

ബൈബിൾ വായിക്കുന്നവർ സ്വസ്ഥത കണ്ടെത്തുന്നു. ദൈവ വചനം അതിന്റെ വായനക്കാരന് സ്വസ്ഥത നൽകുന്നതും ഒരുവന്റെ ആത്മ ദാഹം ശമിപ്പിക്കുവാൻ മതിയാകുന്നതുമാണ്. അവരാൽ മറ്റുള്ളവർ സ്വസ്ഥരാക്കപ്പെടുന്നു.

മഹാ സമുദ്രത്തിൽ കൂടി സഞ്ചരിക്കുന്ന ഒരു കപ്പലിനെ കടലിലെ പാറകളിൽ തട്ടി ഉടയാതെ ആശിക്കുന്ന തുറമുഖത്തു എത്തിക്കുവാൻ സഹായിക്കുന്ന രൂപരേഖ പോലെയാണ് ബൈബിൾ. ജീവിതത്തെ അതിന്റെ ലക്ഷ്യ സ്ഥാനത്തും നിത്യതയുടെ തുറമുഖത്തും അത് കൊണ്ടെത്തിക്കുന്നു.

ലോകമാകുന്ന തടവറയിൽ പാപാന്ധകാരത്തിൽ കഴിയുന്ന മനുഷ്യന് നിത്യത എന്ന പ്രത്യാശയുടെ പൊൻവെളിച്ചം കാണുവാൻ കഴിയുന്ന കിളിവാതിലാണ് ബൈബിൾ.

സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഇവയാണ് ലോക വിമോചന പോരാട്ടങ്ങളുടെ പരമ ലക്ഷ്യമെങ്കിൽ ഇവയുടെ അടിസ്ഥാന തത്വങ്ങൾ കാണപ്പെടുന്ന ഏക ഗ്രന്ഥം ബൈബിളാണ്. നീറുന്ന മനുഷ്യ മനസ്സുകൾക്ക് വേദനയുടെ ശമനത്തിനായി നല്കപ്പെട്ടിരിക്കുന്ന ഔഷധ തൈലമാണ് ബൈബിൾ. മുറിവേറ്റ ഹൃദയങ്ങളെ അത് സുഖപ്പെടുത്തുന്നു.

ജന്മനാ തന്നെ അന്ധയും ബധിരയും ഊമയും ആയിരുന്നു ഹെലൻ കെല്ലർ. പിന്നീട് സ്വന്തമായ പരിശ്രമങ്ങളാൽ ഉയർന്നു ലോകത്തിലെ ശ്രേഷ്ഠ മഹതികളിൽ ഒരാളായിട്ടാണ് അവർ അറിയപ്പെടുന്നത്. ഹെലൻ കെല്ലർ ബൈബിളിനെ കുറിച്ച് അഭിപ്രായപ്പെട്ടിരിക്കുന്നത് ശ്രദ്ധിക്കുക:

"ഈ ലോകത്തിൽ ദ്രശ്യമായതു അദൃശ്യമായ സ്വർഗത്തിന് തെളിവെന്ന് ബൈബിളിലെ എബ്രായ ലേഖനം പറയുന്നു. അങ്ങനെയെങ്കിൽ ലോകത്തിൽ നൽകപ്പെട്ടിരിക്കുന്ന ബൈബിൾ വരുവാനുള്ള സ്വർഗ്ഗീയ ജീവിതത്തിൻറെ ശക്തമായ സാക്ഷ്യം തന്നെ."

"എന്റെ ജീവിതത്തിന്റെ എല്ലാ സങ്കീർണതയിലും, ദുരിതങ്ങളിലും എനിക്ക് വെളിച്ചവും, ശക്തിയും നൽകുന്നതിൽ ബൈബിൾ ഒരിക്കലും വീഴ്ച വരുത്തിയിട്ടില്ല"

ബൈബിളിലേക്കു മടങ്ങി എത്തുന്ന സത്യാന്വേഷി സത്യദൈവ പരിജ്ഞാനം കൈവരിക്കും. ദൈവം മനുഷ്യന് നല്കിയിട്ടുള്ളതിൽ വെച്ചേറ്റവും മഹത്തായ ദാനം ബൈബിൾ ആകുന്നു. ആ ദാനം വചനം ജഡമായി തീർന്ന യേശു ക്രിസ്തുവിൽ പൂർണമാക്കപ്പെടുന്നു .

ബൈബിൾ നമ്മുടെ പാതക്ക് പ്രകാശം ആയി മാറിയാൽ ദൈവം തന്റെ തിരുമുഖം നമ്മുടെ മേൽ പ്രകാശിപ്പിക്കും. ഏഴു പ്രാവശ്യം ശുദ്ധി ചെയ്ത പൊന്നിന് സമാനമാണ് തിരു വചനം. അതിനാൽ ആത്മിക സമൃദ്ധി കൈവരുത്തുന്നവൻ ഭാഗ്യവാൻ.

നാം വായിച്ചു കഴിഞ്ഞ പുസ്തകങ്ങൾ നമ്മുടെ പിന്നെലേക്കു മറയുമ്പോൾ വീണ്ടും വീണ്ടും വായിക്കുവാൻ ഹൃദയങ്ങൾക്ക് ബൈബിൾ പ്രേരണ നൽകുന്നു. സ്വർഗ്ഗീയ സത്യങ്ങൾക്കു ഒരിക്കലും പഴമ ഏശുകയില്ല.

മനുഷ്യ വാക്കുകൾ അൽപ്പായുസ്സുള്ളതും അന്തരീക്ഷത്തിൽ ലയിച്ചു പോകുന്നതും ആകുന്നു. എന്നാൽ ബൈബിൾ ദൈവത്തിന്റെ വചനമാണ്. അത് എന്നേക്കും ശക്തിയോടെ നില നിൽക്കുന്നു.

ലോകത്തിലേക്ക് വന്ന സത്യ വെളിച്ചം ക്രിസ്തു ആകുന്നു. വീണ്ടെടുപ്പും, പാപ ക്ഷമയും, നിത്യ ജീവനും ക്രിസ്തുവിലൂടെ പ്രാപിക്കാം എന്ന അനുഗ്രഹീത സുവാർത്ത ഇന്ന് ലോകമെങ്ങും പ്രചരിക്കുന്നത് ബൈബിളിലൂടെയാണ്. നിങ്ങൾ ബൈബിളിനെ കൈകൊണ്ടാൽ അത് നിങ്ങളെയും കൈക്കൊള്ളും. അതിനെ ഉയർത്തിയാൽ അത് നിങ്ങളെയും ഉയർത്തും.

വിവിധ എഴുത്തുകാർ ദൈവാത്മ നിയോഗത്താൽ വിവിധ കാലങ്ങളിലായി ബൈബിളിലെ പുസ്തകങ്ങൾ എഴുതി എങ്കിലും അത് വായിക്കുമ്പോൾ ഒരാൾ എഴുതിയത് പോലെ തോന്നുന്നത് അതിശയകരമാണ്. സർഗ്ഗീയതയുടെ ശക്തമായ സാക്ഷ്യവും കൂടെയാണ്.

66 പുസ്തകങ്ങൾ അടങ്ങിയ ബൈബിളിലെ കേന്ദ്ര വിഷയം യേശു ക്രിസ്തു എന്ന രക്ഷകൻ ആണ്. ക്രിസ്തുവിന്റെ ജനനം ജീവിതം മരണം എന്നീ സത്യങ്ങൾ ക്രിസ്തുവിന്റെ ജനനത്തിന്നും നൂറ്റാണ്ടുകൾക്കു മുന്നമേ പഴയ നിയമത്തിൽ പ്രവചനമായും പുതിയ നിയമത്തിൽ നിവർത്തിയായും വിവരിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ രണ്ടാം വരവും സംഭവിക്കുവാൻപോകുന്നു എന്ന് ബൈബിൾ പറയുന്നു.

ഭൂമിക്കും ആകാശത്തിനും മദ്ധ്യേ ഉയർത്തപ്പെട്ട ക്രൂശിൽ സർവ ലോകത്തിന്റെയും പാപത്തിനുള്ള പ്രായിശ്ചിത്ത മരണം അനുഭവിച്ച ക്രിസ്തു. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിനു താഴെ നൽകപ്പെട്ട ഏക നാമം. ആ നാമത്തിൽ വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുവാനുള്ള ആഹ്വാനം ഇന്നും ബൈബിൾ നൽകുന്നു.

മനുഷ്യന്റെ ആത്മിക പ്രശ്നങ്ങളുടെ സമ്പൂർണ പരിഹാരം ബൈബിളിലുണ്ട്.പാപത്തിന്നും മരണത്തിനും വിധേയപ്പെട്ട മനുഷ്യന് ക്രിസ്തു മൂലം പാപക്ഷമയും നിത്യ ജീവനും ഉറപ്പാക്കാം.

ന്യായവിധിയിൽ നിന്നുള്ള വീണ്ടെടുപ്പും, നരകത്തിൽ നിന്നും സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനവും സാദ്ധ്യമാകുന്നു. ബൈബിളിലെ ദിവ്യ വചനങ്ങളിലൂടെ ഈ സത്യം ഘോഷിക്കപ്പെടുന്നു.

മരണത്തെ മുന്നിൽ കണ്ടു കിടക്കുന്ന ഒരു മനുഷ്യൻ. തന്റെ മുൻകാല പാപ ജീവിതത്തിൻറെ ഓർമ്മകൾ ആ മനസ്സിനെ വല്ലാതെ അലട്ടുന്നുണ്ട്. തന്റെ ജീവിതത്തിനും ആത്മാവിനും നിത്യതയിൽ കണക്കു പറയേണ്ടി വരുമെന്ന് തനിക്കു ബോദ്ധ്യമുണ്ട്. മറ്റേതെങ്കിലും കാര്യങ്ങൾ ചെയ്തു ആത്മ രക്ഷ കൈവരിക്കുക അസാദ്ധ്യമാണ്. ആയുസ്സു തീരുവാൻ അൽപനേരം മാത്രം. രക്ഷ പ്രാപിക്കുവാൻ ഞാൻ എന്ത് ചെയ്യണം എന്ന് ആ മനുഷ്യൻ ചോദിക്കുന്നു. ആ ചോദ്യത്തിന് ഉത്തരം നൽകുവാൻ കഴിയാതെ ലോകം മൗനമായി നിൽക്കുമ്പോൾ ബൈബിൾ ഈ മനുഷ്യന് ഉത്തരം നൽകും:

"കർത്താവായ യേശുവിൽ വിശ്വസിക്കുക; എന്നാൽ നീ രക്ഷിക്കപ്പെടും." ക്ഷണ നേരം കൊണ്ട് പ്രാപിക്കാവുന്ന ആത്മരക്ഷ.യേശു ക്രിസ്തു അനുഭവിച്ച ക്രൂശു മരണത്തിൽ മനുഷ്യന്റെ പാപത്തിനായുള്ള പ്രായശ്ചിത്തം പൂർണമായിരുന്നു. മനുഷ്യഭാഗത്തുനിന്നും യേശു ക്രിസ്തുവിനെ കർത്താവും രക്ഷിതവുമായി വിശ്വാസത്താൽ ഹൃദയത്തിൽ സ്വീകരിക്കുക മാത്രമേ സ്വർഗ്ഗം വചനത്തിലൂടെ ആവശ്യപ്പെടുന്നുള്ളു. രക്ഷയുടെ സകല സ്വർഗ്ഗീയ അനുഗ്രഹങ്ങളിലേക്കും ആ നിമിഷം നിങ്ങൾ പ്രവേശിക്കും.ബൈബിളിനു നിങ്ങളെ സ്വാധീനിക്കുവാൻ മാത്രമല്ല സമ്പൂർണമായ ആത്മികരൂപാന്തരം നൽകുവാനും, രക്ഷയുടെ നിർണയം നൽകുവാനും കഴിയും.

Sunny Thomas.

Trivandrum Gandhi Park. 17 February 2024
For More Details:

0224057

© GENERAL PUBLISHING, POST BOX: 2215
SASTHAMANGALAM, TRIVANDRUM – 695 010
www.sunnythomas.org